**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം *520

06/07/2012 - ൽ മറുപടിയ്ക്ക്

ആയുർവ്വേദ ഔഷധ നിർമ്മാണരംഗത്ത് ഔഷധിയുടെ പങ്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ആയുർവ്വേദ ഔഷധ നിർമ്മാണ രംഗത്ത് ഔഷധിയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; | (എ) | ഔഷധി സ്ഥാപിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ സുപ്രധാനമായത് കേരളത്തിലെ സർക്കാർ ആയുർവ്വേദ സ്ഥാപനങ്ങൾക്ക് മരുന്നുകൾ വിതരണം ചെയ്യുക എന്നതാണ്. ഔഷധിയുടെ വിപണന ശൃംഖല വിപുലീകരിച്ചതിന്റെ ഫലമായി മറ്റ് സംസ്ഥാനങ്ങളിലെ സർക്കാർ ആയുർവ്വേദ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകൾ ഔഷധി വിതരണം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. ആയുർവേദ ഔഷധ നിർമ്മാണ രംഗത്ത് ഔഷധിയുടെ പ്രാധാന്യം കേന്ദ്ര സർക്കാരും അംഗീകരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഔഷധിയുടെ ഗവേഷണവിഭാഗത്തിന്റെ വിപുലീകരണത്തിനായി രണ്ടുകോടിരൂപയും, പുതിയ ഫാക്ടറിയുടെ നിർമ്മാണത്തിനായി 5 കോടി രൂപയും കേന്ദ്രസർക്കാർ അനുവദിക്കുകയുണ്ടായി. പുതിയ പദ്ധതി പൂർത്തിയാകുന്നതോടെ ഔഷധിയുടെ ഉൽപ്പാദനത്തിൽ 100% വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. അതോടെ ഔഷധിയുടെ മരുന്നു വിൽപ്പന കൂടുതൽ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം ഔഷധിയുടെ വിറ്റുവരവിലും ലാഭത്തിലും എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഔഷധിയുടെ വിറ്റുവരവ് 45.35 കോടി രൂപയിൽ നിന്നും 47.58 കോടി രൂപയായും ലാഭം 6.69 കോടി രൂപയിൽ നിന്നും 7 കോടി രൂപയായും വർദ്ധിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | നിലവിൽ ഔഷധിയുടെ ഉൽപന്നങ്ങൾ ആർക്കൊക്കെ യാണ് ലഭ്യമാക്കിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | നിലവിൽ ഔഷധിയുടെ മരുന്നുകൾ കൂടുതലും വിതരണം ചെയ്യുന്നത് സംസ്ഥാനത്തെ സർക്കാർ ആയുർവേദ ആശുപത്രികൾക്കും, ഡിസ്പെൻസറികൾക്കുമാണ്. വിവിധ പദ്ധതികളുടെ ഭാഗമായി 29.78 കോടി രൂപയുടെ മരുന്നുകൾ കഴിഞ്ഞ സാമ്പത്തിക വർഷം ഔഷധി സംസ്ഥാനത്തെ ആയുർവേദ സ്ഥാപനങ്ങൾക്ക് നല്കുകയുണ്ടായി. കേരളത്തിന് പുറത്തുള്ള സർക്കാർ ആയുർവേദ സ്ഥാപനങ്ങൾക്ക് 3.21 കോടി രൂപയുടേയും ഏജൻസികൾ മുഖേന പൊതുജനങ്ങൾക്ക് നേരിട്ട് 11.73 കോടി രൂപയുടെയും മരുന്നുകൾ ഔഷധി വിതരണം ചെയ്യുകയുണ്ടായി. |
| (ഡി) | സർക്കാർ ആയുർവ്വേദ ആശുപത്രികളിലെ ഡിസ്പെൻസറികളിൽ വിലക്കുറവിൽ മരുന്നുകൾ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലും ഡിസ്പെൻസറികളിലും ആവശ്യമായ ഔഷധങ്ങൾ 30% വിലക്കുറവിലാണ് ഔഷധി സപ്ലൈ ചെയ്തുവരുന്നത്, ടി ഔഷധങ്ങൾ രോഗികൾക്ക് സൗജന്യമായിട്ടാണ് നല്കിവരുന്നത്. |

സെക്ഷൻഓഫീസർ